# കേരള നിയമസഭ
# 03.02.2014-ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം
2014 ഫെബ്രുവരി 3, തിങ്കൾ
നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ- 30)

| |
|---|
| മറുപടി നൽകുന്ന മന്ത്രിമാർ<br>ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി<br>ജലവിഭവ വകുപ്പുമന്ത്രി<br>തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി<br>പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും<br>വിനോദസഞ്ചാരവും വകുപ്പുമന്ത്രി |

**എം. ബി. ബി. എസ്. പ്രവേശനം സംബന്ധിച്ച് സ്വകാര്യ കോളേജുമായുണ്ടാക്കിയ കരാറിലെ വ്യവസ്ഥകൾ**

*361 ശ്രീ. പി. ശ്രീരാമകൃഷ്ണൻ
,, കെ. രാധാകൃഷ്ണൻ
,, റ്റി. വി. രാജേഷ്
,, ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2014 വർഷത്തെ എം..ബി.ബി.എസ്.. പ്രവേശനവുമായി ബന്ധപ്പെട്ട് സ്വകാര്യ സ്വാശ്രയ കോളേജുകളുമായി ഏതെങ്കിലും തരത്തിലുള്ള കരാറുകളിൽ ഏർപ്പെട്ടിട്ടുണ്ടോ ; അതിന്റെ വിശദാംശം അറിയിക്കുമോ ;

(ബി) അഡ്മിഷൻ തേടുന്ന വിദ്യാർത്ഥികളെ കരാറിലെ വ്യവസ്ഥകൾ പ്രോസ്പെക്ടസ് വഴി അറിയിക്കാതിരിക്കുവാനുള്ള കാരണം വ്യക്തമാക്കുമോ ;

(സി) കഴിഞ്ഞ വർഷം പൊതു പരീക്ഷയിൽനിന്നും വിട്ടുനിന്ന് സ്വന്തം നിലയിൽ പ്രവേശനം നടത്തിയ കേരള പ്രൈവറ്റ് മെഡിക്കൽ കോളേജ് മാനേജ്മെന്റ് അസോസിയേഷന്റെ കീഴിലുള്ള കോളേജുകളിലേയ്ക്കും, 2014-ൽ സ്വന്തം നിലയിൽ പ്രവേശനം നടത്തുമെന്ന് പ്രഖ്യാപിച്ച കേരള ക്രിസ്ത്യൻ പ്രൊഫഷണൽ കോളേജ് മാനേജ്മെന്റ് ഫെഡറേഷന്റെ കീഴിലുള്ള കോളേജുകളിലേയ്ക്കുള്ള

പ്രവേശനം, വ്യവസ്ഥകള്‍ വ്യക്തമാക്കാതെ സര്‍ക്കാര്‍ പൊതുപ്രവേശന പരീക്ഷ വഴിയായിരിക്കുമെന്ന് പ്രോസ്പെക്ടസില്‍ കാണിച്ചിരിക്കുന്നത്, ഇവര്‍ക്ക് വിലപേശല്‍ നടത്തുവാന്‍ അവസരമൊരുക്കാനാണെന്ന പരാതി പരിഹരിക്കാന്‍ നടപടി സ്വീകരിക്കുമോ ;

(ഡി) പ്രോസ്പെക്ടസില്‍ ഉള്‍പ്പെട്ടിട്ടുള്ള എം. ഇ. എസ്. മാനേജ്മെന്റ് സ്വന്തം നിലയില്‍ പ്രവേശനം നടത്തുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ടോ ; എങ്കില്‍ ഇവര്‍ക്കെതിരെ എന്ത് നടപടിയാണ് സ്വീകരിക്കാന്‍ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ ?

## കേരള നിയമസഭ
## 03.02.2014-ലെ മറുപടിക്ക്

ആരോഗ്യ മേഖലയിലെ വിദേശ നിക്ഷേപം

*362 ശ്രീ. എം.എ. ബേബി
,, എ. പ്രദീപ്കുമാർ
ഡോ. കെ.ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും**
**ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ മേഖലയിൽ നേരിട്ടുള്ള വിദേശ നിക്ഷേപമോ ബഹുരാഷ്ട്ര കുത്തകകളുടെ സഹകരണമോ തേടണമെന്ന നിർദ്ദേശം പ്ലാനിംഗ് ബോർഡിന്റെ കരട് രേഖയിൽ ഉള്ളതായി അറിവുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) ഇക്കാര്യം സംബന്ധിച്ച നിലപാട് വ്യക്തമാക്കുമോ;

(സി) ഔഷധ നിർമ്മാണ മേഖലയിലെ വിദേശ നിക്ഷേപം രാജ്യതാല്പര്യത്തിനെതിരാണെന്ന് രാജ്യത്തെ പരമോന്നത നീതിപീഠം പ്രസ്താവിക്കാനിടയാക്കിയ പശ്ചാത്തലത്തിൽ പ്ലാനിംഗ് ബോർഡിന്റെ നിർദ്ദേശം പുന:പരിശോധിക്കുവാൻ ആവശ്യപ്പെടുമോ?

# കേരള നിയമസഭ
## 03.02.2014-ലെ മറുപടിക്ക്

<u>ജനിതക വൈകല്യരോഗങ്ങൾ ബാധിച്ചവരുടെ ചികിത്സയും പുനരധിവാസവും</u>

*363 ശ്രീ. എം. ഉമ്മർ
'' സി. മോയിൻകുട്ടി
'' പി. ബി. അബ്ദുൾ റസാക്
'' പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും**
**ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജനിതക വൈകല്യരോഗങ്ങൾ ബാധിച്ച പാവപ്പെട്ടവരുടെ ചികിത്സയ്ക്കും പുനരധിവാസത്തിനും ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ വിശദമാക്കുമോ;

(ബി) ഹീമോഫീലിയ പോലുള്ള രോഗങ്ങളാൽ ദുരിതമനുഭവിക്കുന്ന വർക്ക് ആവശ്യമായ മരുന്നുകൾ ആശുപത്രികളിൽ ലഭ്യമാക്കിയിട്ടുണ്ടോ;

(സി) പ്രസ്തുത രോഗത്തിനെതിരെ ഉപയോഗിക്കുന്ന വില കുറഞ്ഞ മരുന്നുകൾ ഗുണത്തെക്കാളേറെ ദോഷങ്ങൾ ഉണ്ടാക്കുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; മേൽ സാഹചര്യത്തിൽ ആവശ്യമായ ഫലം നല്കുന്ന മരുന്നുകൾ പാവപ്പെട്ടവർക്ക് സൗജന്യമായി നല്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 03.02.2014-ലെ മറുപടിക്ക്

ജലസംരക്ഷണത്തിനും കുടിവെള്ള വിതരണത്തിനുമുള്ള പദ്ധതികൾ

*364 ശ്രീ. എം. ചന്ദ്രൻ
,, പി. കെ. ഗുരുദാസൻ
,, ബി. ഡി. ദേവസ്സി
,, കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ വർഷം സംസ്ഥാനം നേരിട്ട അതിരൂക്ഷമായ വരൾച്ചയും കാലാവസ്ഥാവ്യതിയാനവും കണക്കിലെടുത്തു ജലസംരക്ഷണത്തിനും കുടിവെള്ള വിതരണത്തിനും മറ്റനുബന്ധ ആവശ്യങ്ങൾക്കുമായി പ്രഖ്യാപിച്ചിരുന്ന 505 കോടി രൂപയുടെ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; ഓരോന്നും ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(സി) പദ്ധതികൾ ലക്ഷ്യപ്രാപ്തിയിലെത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം പരിശോധിച്ചിട്ടുണ്ടോ; ഓരോ പദ്ധതിക്കും ഇതുവരെ ചെലവഴിച്ച തുകയെത്രയെന്നു വിശകലനം ചെയ്തിട്ടുണ്ടോ?

# കേരള നിയമസഭ
## 03.02.2014-ലെ മറുപടിക്ക്

<u>നൈപുണ്യം സമ്മിറ്റ്</u>

*365 ശ്രീ. ആർ. സെൽവരാജ്
,, ജോസഫ് വാഴക്കൻ
,, പി. എ. മാധവൻ
,, അൻവർ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൊഴിൽ വകുപ്പിന്റെ ആഭിമുഖ്യത്തിൽ 'നൈപുണ്യം സമ്മിറ്റ്' സംഘടിപ്പിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) രാജ്യാന്തര നിലവാരത്തിൽ തൊഴിൽ വൈദഗ്ദ്ധ്യമുള്ള യുവാക്കളെ സൃഷ്ടിക്കാൻ എന്തെല്ലാം കാര്യങ്ങളാണ് സമ്മിറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ;

(ഡി) സമ്മിറ്റിന്മേൽ എന്തെല്ലാം തുടർനടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 03.02.2014-ലെ മറുപടിക്ക്

ഭൂഗർഭ ജലചൂഷണം തടയുന്നതിന് നിയമനിർമ്മാണം

*366 ശ്രീ. ഷാഫി പറമ്പിൽ
,, തേറമ്പിൽ രാമകൃഷ്ണൻ
,, സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭൂഗർഭ ജലചൂഷണം തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ബി) ഇതിനായി നിയമനിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഭൂഗർഭ ജലചൂഷണം തടയാൻ എന്തെല്ലാം വ്യവസ്ഥകളാണ് നിയമത്തിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനുള്ള നിയമനിർമ്മാണ പ്രക്രിയ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 03.02.2014-ലെ മറുപടിക്ക്

<u>എല്ലാ ജില്ലകളിലും കാൻസർ ചികിത്സാ സൗകര്യം</u>

*367 ശ്രീ. പി. എ. മാധവൻ
,, എ. പി. അബ്ദുള്ളക്കുട്ടി
,, വി. ഡി. സതീശൻ
,, വി. റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എല്ലാ ജില്ലകളിലും കാൻസർ ചികിത്സാ സൗകര്യം ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കുമോ;

(ബി) ആയതിനായി ആശുപത്രികളെ തെരഞ്ഞെടുക്കുന്നത് എങ്ങനെയാണ്; വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് പ്രസ്തുത ആശു പത്രികളിൽ സജ്ജീകരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

# കേരള നിയമസഭ
## 03.02.2014-ലെ മറുപടിക്ക്

<u>പട്ടികജാതി വികസന വകുപ്പിന് കീഴിൽ മെഡിക്കൽ കോളേജ്</u>

*368 ശ്രീ. കെ. അച്ചുതൻ
,, ഐ. സി. ബാലകൃഷ്ണൻ
,, വി. പി. സജീന്ദ്രൻ
,, പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും**
**വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പിന് കീഴിൽ മെഡിക്കൽ കോളേജ് തുടങ്ങാനുദ്ദേശിക്കുന്നുണ്ടോ;

(ബി) പുതിയ മെഡിക്കൽ കോളേജിലേയ്ക്കുള്ള പ്രവേശനം എന്നത്തേയ്ക്ക് ആരംഭിക്കുമെന്ന് വ്യക്തമാക്കാമോ;

(സി) പട്ടിക വിഭാഗക്കാർക്കായി എത്ര സീറ്റുകളാണ് ഇവിടെ ലഭ്യമാക്കുക എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 03.02.2014-ലെ മറുപടിക്ക്

മത്സ്യം, മാംസം എന്നിവയുടെ ഉൽപ്പാദനവിപണന കേന്ദ്രങ്ങളിൽ പരിശോധന

*369 ശ്രീ. വി. റ്റി. ബൽറാം
,, എം. എ. വാഹീദ്
,, സണ്ണി ജോസഫ്
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേടാകാത്തതും മായം കലരാത്തതുമായ മത്സ്യം, മാംസം എന്നിവ ലഭ്യമാക്കുന്നതിന് ഉത്പ്പാദനവിപണന കേന്ദ്രങ്ങളിൽ സമയബന്ധിതമായ പരിശോധനകൾ നടത്തി കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പരിശോധനകളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ആരെല്ലാമാണ് ആയതുമായി സഹകരിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

# കേരള നിയമസഭ
# 03.02.2014-ലെ മറുപടിക്ക്

<u>ആരോഗ്യ വകുപ്പിലെ പിൻവാതിൽ നിയമനം</u>

*370

ശ്രീ. പി. കെ. ഗുരുദാസൻ
,, പി. ശ്രീരാമകൃഷ്ണൻ
ശ്രീമതി കെ. എസ്. സലീഖ
ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആരോഗ്യവകുപ്പിൽ പിൻവാതിൽ നിയമനവും മാനദണ്ഡമില്ലാത്ത സ്ഥലം മാറ്റവും വ്യാപകമാണെന്ന ആക്ഷേപത്തെക്കുറിച്ച് എന്തെങ്കിലും പരിശോധന നടത്തിയിരുന്നോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച് വിജിലൻസ് എന്തെങ്കിലും അന്വേഷണം നടത്തുകയുണ്ടായോ; കണ്ടെത്തൽ എന്തായിരുന്നെന്ന് അറിയിക്കാമോ;

(സി) കുറ്റക്കാർക്കെതിരെ സ്വീകരിച്ച വകുപ്പുതല നടപടി വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 03.02.2014-ലെ മറുപടിക്ക്

മരുന്നുക്ഷാമം പരിഹരിക്കുന്നതിനുള്ള നടപടി

*371 ശ്രീ. കെ. രാജു
,, സി. ദിവാകരൻ
,, ജി. എസ്. ജയലാൽ
,, വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ സൂക്ഷിച്ചിരിക്കുന്ന മരുന്നുകളിൽ ഏപ്രിൽ മാസത്തോടെ കാലാവധി കഴിയുന്ന മരുന്നുകളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) അടുത്ത സാമ്പത്തിക വർഷത്തേയ്ക്കുള്ള മരുന്നുകൾക്കായി സർക്കാർ ആശുപത്രികൾ കൃത്യസമയത്തു തന്നെ ഇൻഡന്റുകൾ നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഇൻഡന്റുകൾ പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ടോ; ഇതിൽ തെറ്റുകൾ കണ്ടെത്തിയ ഇൻഡന്റുകൾ സംബന്ധിച്ച വിശദ വിവരം ലഭ്യമാക്കുമോ;

(സി) മരുന്നുക്ഷാമം നേരിടുന്നതിന് എന്തെല്ലാം മുൻകരുതൽ നടപടി സ്വീകരിച്ചുവരുന്നുണ്ടെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 03.02.2014-ലെ മറുപടിക്ക്

<u>ചികിത്സാ കേന്ദ്രങ്ങളെ കമ്പ്യൂട്ടർ ശൃംഖല വഴി ബന്ധിപ്പിക്കൽ</u>

*372 ശ്രീ. അൻവർ സാദത്ത്
,, ബെന്നി ബെഹനാൻ
,, വി. പി. സജീന്ദ്രൻ
,, എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആരോഗ്യവകുപ്പിന് കീഴിലുളള ചികിത്സാകേന്ദ്രങ്ങളെ കമ്പ്യൂട്ടർ ശൃംഖല വഴി ബന്ധിപ്പിക്കുന്നതിന് കേന്ദ്ര ആരോഗ്യ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) പ്രസ്തുത കേന്ദ്ര പദ്ധതി എങ്ങനെയാണ് സംസ്ഥാനത്ത് നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) പദ്ധതി നടത്തിപ്പിനായി ആരോഗ്യ കേന്ദ്രങ്ങളിൽ എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്; വിശദമാക്കുമോ?

# കേരള നിയമസഭ
## 03.02.2014-ലെ മറുപടിക്ക്

<u>പുതിയ ഇക്കോ ടൂറിസം പദ്ധതികൾ</u>

*T.373 ശ്രീ. ജോസഫ് വാഴക്കൻ
,, സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുതിയ ഇക്കോ ടൂറിസം പദ്ധതികൾ ആരംഭിക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുളളതെന്ന് വിശദമാക്കുമോ;

(ബി) നിലവിലുളള ഇക്കോ ടൂറിസം പദ്ധതികൾ പുനരുദ്ധരിക്കുന്നതിനുളള കാര്യങ്ങൾ കർമ്മപദ്ധതിയിൽ ഉൾപ്പെടുത്തുമോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദമാക്കുമോ?

# കേരള നിയമസഭ
## 03.02.2014-ലെ മറുപടിക്ക്

തടയണ നിർമ്മാണ പദ്ധതി

*374 ശ്രീ. കെ. കെ. നാരായണൻ
ഡോ. ടി. എം. തോമസ് ഐസക്
ശ്രീ. വി. ചെന്താമരാക്ഷൻ
'' സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുൻവർഷത്തെ വരൾച്ചയുടെ പശ്ചാത്തലത്തിൽ ജലസംഭരണത്തിനായി പ്രഖ്യാപിച്ച 400 കോടി രൂപയുടെ തടയണ നിർമ്മാണ പദ്ധതി നടപ്പിലാക്കിയോ; ഇതിന്റെ വിശദാംശം നല്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ പുരോഗതിയും അതിന്റെ സാമ്പത്തിക വിശകലനവും നടത്തിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം അറിയിക്കാമോ;

(സി) എത്ര ജനങ്ങൾക്ക് ഈ പദ്ധതികൊണ്ട് പ്രയോജനമുണ്ടാകുമെന്നാണ് കണക്കാക്കിയിരുന്നത്; പദ്ധതി ലക്ഷ്യപ്രാപ്തിയിലെത്തിയോ; ഇല്ലെങ്കിൽ കാരണം വിശകലനം ചെയ്തിട്ടുണ്ടോ?

# കേരള നിയമസഭ
# 03.02.2014-ലെ മറുപടിക്ക്

108 ആംബുലൻസുകളുടെ സേവനം

*375 ശ്രീമതി കെ. കെ. ലതിക
ശ്രീ. ഇ. പി. ജയരാജൻ
,, എ. എം. ആരിഫ്
,, ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 108 ആംബുലൻസുകളുടെ സേവനം സംസ്ഥാനത്താകെ വ്യാപിപ്പിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നോ ; അതിനായി എത്ര തുക ഈ സാമ്പത്തിക വർഷം നീക്കിവെച്ചിരുന്നു; തുക ചിലവഴിക്കാൻ കഴിഞ്ഞോ; വിശദമാക്കുമോ ;

(ബി) നിലവിൽ സേവനം നടത്തുന്ന തിരുവനന്തപുരം, ആലപ്പുഴ ജില്ലകളിലെ 108 ആംബുലൻസുകളിൽ പകുതിയും മതിയായ അറ്റകുറ്റപ്പണി നടത്താതിരുന്നതിനാൽ പ്രവർത്തനരഹിതമാണെന്ന കാര്യം പരിശോധിച്ചിരുന്നോ ; അറ്റകുറ്റപ്പണി നടത്തുന്നതിൽ വീഴ്ചവരുത്തിയ 'സികിത്സ' കമ്പനിക്കെതിരെ സ്വീകരിച്ച നടപടി വിശദമാക്കാമോ;

(സി) നിലവിൽ സേവനം നടത്തുന്നവയിൽ പോലും ജീവൻരക്ഷാ സൗകര്യങ്ങൾ ഇല്ലെന്ന പരാതി പരിശോധിക്കുമോ ; 108 ആംബുലൻസിന്റെ സേവനം മാതൃകാപരമാക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 03.02.2014-ലെ മറുപടിക്ക്

ഭക്ഷ്യസുരക്ഷാ വിഭാഗത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി

*376 ശ്രീ. ജെയിംസ് മാത്യു
,, വി. ശിവൻകുട്ടി
,, പുരുഷൻ കടലുണ്ടി
,, കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പച്ചക്കറികളിൽ പ്രത്യേകിച്ച് അന്യസംസ്ഥാനങ്ങളിൽ നിന്നു കൊണ്ടുവരുന്നവയിൽ കീടനാശിനികളുടെ സാന്നിദ്ധ്യം അപായകരമായ തോതിലുണ്ട് എന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ ചെക്ക്പോസ്റ്റുകളിലോ വിപണന കേന്ദ്രങ്ങളിലോ ഭക്ഷ്യസുരക്ഷാ വിഭാഗം എന്തെങ്കിലും തരത്തിലുള്ള പരിശോധനകൾ നടത്താറുണ്ടോ; എങ്കിൽ ഇത്തരത്തിൽ എടുത്ത കേസുകളുടെ വിശദാംശം നൽകാമോ;

(സി) ഈ മേഖലയിൽ ഭക്ഷ്യസുരക്ഷാ വിഭാഗത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ എന്തെങ്കിലും നടപടി ഉദ്ദേശിക്കുന്നുണ്ടോ?

# കേരള നിയമസഭ
## 03.02.2014–ലെ മറുപടിക്ക്

<u>കായലോര ടൂറിസം</u>

*377 ശ്രീ. എൻ.എ. നെല്ലിക്കുന്ന്
,, റ്റി.എ. അഹമ്മദ് കബീർ
,, കെ.എൻ.എ. ഖാദർ
,, പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി–പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കായലോര ടൂറിസത്തിന് കേരളത്തിന്റെ സവിശേഷതകൾ പരമാവധി ഉപയോഗപ്പെടുത്തുന്നതിന് എന്തൊക്കെ നവപദ്ധതികൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നു;

(ബി) കായലുകളെയും തുരുത്തുകളെയും ബന്ധിപ്പിച്ചുള്ള പരമ്പരാഗത ചെറുകനാലുകൾ നിലനിർത്താനും പുനരുദ്ധരിക്കാനും, അവ ചെറുവഞ്ചിയാത്രയ്ക്ക് ഉപയോഗപ്പെടുത്തി ടൂറിസം ആകർഷകമാക്കാനും പദ്ധതിയുണ്ടോ;

(സി) ജലാശയങ്ങളുടെയും കായലോരങ്ങളുടെയും മലിനീകരണം തടഞ്ഞ് പ്രദേശം ആകർഷകമാക്കി മാറ്റാനുള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുമോ?

# കേരള നിയമസഭ
## 03.02.2014-ലെ മറുപടിക്ക്

<u>പിന്നോക്ക സമുദായ വികസന കോർപ്പറേഷൻ വഴി എംപ്ലോയ്മെന്റ് ലോണുകൾ</u>

*378

ശ്രീ. സി. എഫ്. തോമസ്
,, തോമസ് ഉണ്ണിയാടൻ
,, മോൻസ് ജോസഫ്
,, റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും**
**വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പിന്നോക്ക സമുദായ വികസന കോർപ്പറേഷൻ വഴി കൂടുതൽ തൊഴിൽ ലഭ്യത ഉറപ്പാക്കുന്ന എംപ്ലോയ്മെന്റ് ലോണുകൾ നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(ബി) പിന്നോക്ക വികസന കോർപ്പറേഷൻ വഴി നൽകുന്ന വായ്പകളുടെ പലിശ കുറവ് ചെയ്യുകയും സബ്സിഡി കൂട്ടി നൽകുകയും ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 03.02.2014-ലെ മറുപടിക്ക്

<u>ഡ്രിപ് പദ്ധതി</u>

*379 ശ്രീ. എസ്. രാജേന്ദ്രൻ
,, കെ. കെ. ജയചന്ദ്രൻ
,, ബി. ഡി. ദേവസ്സി
,, എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഡ്രിപ് (അണക്കെട്ട് പുനരുദ്ധാരണ അഭിവൃദ്ധിപ്പെടുത്തൽ പദ്ധതി)- ന്റെ ലക്ഷ്യങ്ങൾ എന്തെല്ലാം എന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിൽ ഇതുവരെ പൂർത്തീകരിച്ച പണികൾ വിശദമാക്കുമോ;

(സി) ഈ പദ്ധതിക്കായി നടപ്പു വർഷത്തെ വാർഷിക പദ്ധതിയിൽ നീക്കിവെച്ചിരുന്ന തുകയൊന്നും ചെലവഴിക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കുമോ; മുല്ലപ്പെരിയാർ ഉൾപ്പെടെയുള്ള ചില ഡാമുകൾ അത്യന്തം അപായകരമായ സ്ഥിതിയിലായിരിക്കുമ്പോഴും കേന്ദ്രം അനുവദിച്ച തുക വിനിയോഗിക്കാതിരിക്കുക വഴി ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം ഉറപ്പാക്കുന്നതിൽ വീഴ്ച വരുത്തിയതിനെക്കുറിച്ച് അന്വേഷണം നടത്തുമോ?

# കേരള നിയമസഭ
## 03.02.2014-ലെ മറുപടിക്ക്

സർക്കാർ ആശുപത്രി ജീവനക്കാരുടെ ഒഴിവുകൾ

*380 ശ്രീമതി പി. അയിഷാ പോറ്റി
ശ്രീ. എ. കെ. ബാലൻ
,, എ. പ്രദീപ്കുമാർ
പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളിലെ ആയിരത്തിലധികം സീനിയർ ഡോക്ടർമാരുടെയും നേഴ്സുമാരുടെയും ഒഴിവുകൾ ആശുപത്രികളുടെ പ്രവർത്തനത്തെ എങ്ങനെ ബാധിക്കുന്നു എന്ന വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പ്രാഥമികാരോഗ്യ കേന്ദ്രം മുതൽ മെഡിക്കൽ കോളേജുവരെയുള്ള സർക്കാർ ആശുപത്രികളിലെ ഡോക്ടർമാരുടെയും നേഴ്സുമാരുടെയും മറ്റ് പാരാമെഡിക്കൽ സ്റ്റാഫുകളുടെയും കുറവ് എത്രയെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ; ആയത് പ്രസ്തുത ആശുപത്രികളുടെ പ്രവർത്തനത്തിൽ ബുദ്ധിമുട്ടുണ്ടാക്കുന്നതായി വിലയിരുത്തിയിട്ടുണ്ടോ; ഒഴിവുകൾ നികത്താതിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കാമോ; വിവിധ തസ്തികകളിലെ ഒഴിവുകൾ കൃത്യമായി കണക്കാക്കപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(സി) പ്രസ്തുത ഒഴിവുകൾ നികത്താൻ സത്വര നടപടി സ്വീകരിക്കാൻ തയ്യാറാകുമോ?

# കേരള നിയമസഭ
## 03.02.2014–ലെ മറുപടിക്ക്

<u>ദേവസ്വം ബോർഡ് വക ഭൂമിയുടെ കൈമാറ്റം</u>

*381 ശ്രീ. ജി. സുധാകരൻ
,, എസ്. ശർമ്മ
,, കെ. കെ. നാരായണൻ
,, കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശബരിമല മാസ്റ്റർ പ്ലാൻ നടപ്പാക്കുന്നതിനായി സർക്കാർ ദേവസ്വം ബോർഡിന് നല്കിയ പതിമൂന്നേക്കർ സ്ഥലം അന്യസംസ്ഥാനങ്ങൾക്ക് ഹോട്ടലും ഷോപ്പിംഗ് കോംപ്ലക്സും നിർമ്മിക്കാനായി വിട്ടുകൊടുക്കാൻ തീരുമാനം എടുത്തിട്ടുണ്ടോ; ഇതുസംബന്ധിച്ച് ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ പകർപ്പും വിശദാംശവും ലഭ്യമാക്കാമോ;

(ബി) ഇതിന് ഹൈക്കോടതി നിയോഗിച്ച ഉന്നതാധികാര സമിതിയുടെ അനുമതി ലഭിച്ചിട്ടുണ്ടോ; വെളിപ്പെടുത്തുമോ;

(സി) ശബരിമല വികസനത്തിനും തീർത്ഥാടകർക്ക് അടിസ്ഥാന സൗകര്യം ഏർപ്പെടുത്തുന്നതിനും സംസ്ഥാന സർക്കാർ പരാജയപ്പെട്ടിട്ടുണ്ടോ; അന്യസംസ്ഥാനങ്ങൾക്ക് ആ ചുമതല വിട്ടുകൊടുക്കാൻ തീരുമാനിച്ചത് എന്തു കാരണത്താലാണ്;

(ഡി) അന്യസംസ്ഥാനങ്ങൾക്ക് അടിസ്ഥാന സൗകര്യ വികസനത്തിനുള്ള സ്ഥല സൗകര്യങ്ങൾ വിട്ടുനൽകുന്നത് വഴി ഭാവിയിൽ വികസന–പുനരുദ്ധാരണ പ്രവർത്തനങ്ങൾ പ്രതിസന്ധിയിലാക്കുമെന്നും അവകാശത്തർക്കങ്ങൾക്ക് വഴിവെക്കുമെന്നുള്ള വസ്തുത ഗൗരവമായി പരിഗണിക്കുമോ?

# കേരള നിയമസഭ

## 03.02.2014-ലെ മറുപടിക്ക്

പഴകിയ മത്സ്യത്തിന്റെ വിൽപ്പന

*382 ശ്രീ. ജി. എസ്. ജയലാൽ
,, ഇ. ചന്ദ്രശേഖരൻ
,, മുല്ലക്കര രത്നാകരൻ
,, കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേയ്ക്ക് മത്സ്യം കൊണ്ടുവരുന്നുണ്ട്;

(ബി) ദിവസങ്ങളോളം പഴക്കമുള്ള മത്സ്യം കേടാകാതിരിക്കുന്നതിനുവേണ്ടി ആരോഗ്യത്തിന് ഹാനികരമായ മാരകമായ രാസപദാർത്ഥങ്ങൾ ഉപയോഗിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) മാരകമായ വിഷാംശം കലർന്ന മത്സ്യവിൽപ്പന സംബന്ധിച്ച് ആരോഗ്യവകുപ്പ് എന്തെങ്കിലും പരിശോധനകൾ നടത്താറുണ്ടോ; വ്യക്തമാക്കാമോ;

(ഡി) എങ്കിൽ ഇതിനെതിരായി ആരോഗ്യവകുപ്പ് സ്വീകരിച്ചുവരുന്ന നടപടി എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 03.02.2014–ലെ മറുപടിക്ക്

## എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ

*383 ശ്രീ. മാത്യു റ്റി. തോമസ്
,, ജോസ് തെറ്റയിൽ
ശ്രീമതി ജമീലാ പ്രകാശം
ശ്രീ. സി. കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ ;

(ബി) ഏതെല്ലാം തരത്തിലുള്ള പ്രവർത്തനങ്ങളാണ് പ്രസ്തുത സൊസൈറ്റിയിലൂടെ നടപ്പിലാക്കുന്നത് ;

(സി) 'എച്ച്.ഐ.വി. ബാധിതരില്ലാത്ത കേരളം' എന്ന പദ്ധതിയിൽ 'എയിഡ്സ് രോഗികളോട് വിവേചനമില്ലാത്ത സമൂഹം' എന്ന ആശയം നടപ്പിലാക്കുവാൻ എന്തൊക്കെ ശ്രമങ്ങൾ സർക്കാർതലത്തിൽ നടപ്പിലാക്കിയിട്ടുണ്ട് ; ഏത് തലംവരെ പ്രസ്തുത ശ്രമങ്ങൾ വിജയിച്ചുവെന്ന് വിശദമാക്കാമോ ?

**കേരള നിയമസഭ**
**03.02.2014-ലെ മറുപടിക്ക്**

<u>ഗുണനിലവാരം കുറഞ്ഞതും നിരോധിച്ചതുമായ മരുന്നുകളുടെ വിപണനം</u>

*384 ശ്രീ. കോടിയേരി ബാലകൃഷ്ണൻ
ശ്രീമതി പി. അയിഷാ പോറ്റി
ശ്രീ. വി. ചെന്താമരാക്ഷൻ
,, സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ പ്രവർത്തനം പരിശോധിക്കാറുണ്ടോ; വിശദമാക്കുമോ;

(ബി) ഗുണനിലവാരം കുറഞ്ഞതും നിരോധിച്ചതുമായ മരുന്നുകളുടെ വിപണനം തടയുന്നതിൽ വകുപ്പ് പരാജയപ്പെട്ടുവെന്ന എ.ജി യുടെ നിരീക്ഷണത്തെ തുടർന്ന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(സി) ലൈസൻസ് പോലുമില്ലാതെ മരുന്നു വിപണനം നടത്തുന്നത് തടയാൻ പഴുതടച്ച സംവിധാനമില്ലെന്ന് ഡ്രഗ്സ് കൺട്രോളർ എ.ജി. യെ അറിയിക്കുകയുണ്ടായോ; എങ്കിൽ ഇത് പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

# കേരള നിയമസഭ
# 03.02.2014-ലെ മറുപടിക്ക്

<u>ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് നിയമം</u>

*385 ശ്രീ. വർക്കല കഹാർ
,, എ. റ്റി. ജോർജ്
,, കെ. ശിവദാസൻ നായർ
,, എം. എ. വാഹിദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് നിയമം നിർമ്മിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പ്രസ്തുത നിയമം മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ;

(സി) ആരോഗ്യ സ്ഥാപനങ്ങളെ നിയന്ത്രിക്കാൻ എന്തെല്ലാം വ്യവസ്ഥകളാണ് പ്രസ്തുത നിയമത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്;

(ഡി) ആയതിന്റെ നിയമനിർമ്മാണ പ്രക്രിയ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

## കേരള നിയമസഭ
## 03.02.2014-ലെ മറുപടിക്ക്

<u>എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ നവീകരണം</u>

*386 ശ്രീ. മോൻസ് ജോസഫ്
,, തോമസ് ഉണ്ണിയാടൻ
,, റ്റി. യു. കുരുവിള
,, സി. എഫ്. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ ശക്തിപ്പെടുത്തി തൊഴിൽ പരിശീലനകേന്ദ്രങ്ങൾ കൂടി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) സ്വകാര്യ മേഖലയിൽ വരുന്ന തൊഴിലവസരങ്ങളിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം കാലോചിതമായി പരിഷ്ക്കരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 03.02.2014-ലെ മറുപടിക്ക്

<u>ഭക്ഷ്യവസ്തുക്കളിലെ വിഷാംശം - സ്ഥിര പരിശോധനാ സംവിധാനം</u>

*387 ശ്രീ. പി. കെ. ബഷീർ
,, എം. ഉമ്മർ
,, സി. മോയിൻകുട്ടി
,, പി. ബി. അബ്ദുൾ റസാക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യവസ്തുക്കളിലെ വിഷാംശത്തിന്റെ തോത് സ്ഥിരമായി പരിശോധിക്കാൻ എന്തൊക്കെ സംവിധാനങ്ങളാണ് നിലവിലുളളതെന്ന് വിശദമാക്കുമോ;

(ബി) വിഷവസ്തുക്കൾ കൂടിയ തോതിലടങ്ങിയ ഭക്ഷ്യവസ്തുക്കളുടെ ഉപയോഗം മൂലം ഉണ്ടാകാവുന്ന രോഗങ്ങളെക്കുറിച്ചും ആരോഗ്യപ്രശ്നങ്ങളെക്കുറിച്ചും പഠനമെന്തെങ്കിലും നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) അന്യസംസ്ഥാനങ്ങളിൽ നിന്നും എത്തുന്ന ഭക്ഷ്യവസ്തുക്കളിലെ വിഷാംശം കണ്ടെത്തുന്നതിന് പരിശോധന കർശനമാക്കുമോ; വിശദമാക്കാമോ?

# കേരള നിയമസഭ
## 03.02.2014-ലെ മറുപടിക്ക്

<u>ലഹരിവിമുക്ത കേന്ദ്രങ്ങൾ</u>

*388 ശ്രീ. കെ. ദാസൻ
,, കെ. രാധാകൃഷ്ണൻ
ഡോ. കെ. ടി. ജലീൽ
ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ലഹരിവിമുക്ത ചികിത്സാ കേന്ദ്രങ്ങൾ എന്ന രീതിയിൽ പരസ്യം നൽകിയതും അല്ലാതെയും പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെക്കുറിച്ച് ആരോഗ്യവകുപ്പ് എന്തെങ്കിലും പരിശോധന നടത്താറുണ്ടോ;

(ബി) പ്രസ്തുത സ്ഥാപനങ്ങൾ എല്ലാം തന്നെ അശാസ്ത്രീയമായ ചികിത്സാരീതികളാണ് പിന്തുടരുന്നതെന്നും യോഗ്യതയുള്ള ചികിത്സകർ ഇല്ലാത്തവയാണെന്നും മനസ്സിലാക്കിയിട്ടുണ്ടോ; എങ്കിൽ ഇവയ്ക്കെതിരെ നിയമാനുസൃത നടപടി സ്വീകരിക്കാൻ തയ്യാറാകുമോ;

(സി) ലഹരിക്കടിമപ്പെട്ടവരെ സാമ്പത്തികമായും അല്ലാതെയും ചൂഷണം ചെയ്യുന്ന ഇത്തരം സ്ഥാപനങ്ങളുടെ പ്രവർത്തനം നിയന്ത്രിച്ച് പകരം സർക്കാർ ആശുപത്രികൾ വഴി ശാസ്ത്രീയ ചികിത്സ നല്കാൻ തയ്യാറാകുമോ?

# കേരള നിയമസഭ
## 03.02.2014–ലെ മറുപടിക്ക്

<u>ആശുപത്രികളിലെ ഇൻസിനറേറ്ററുകളുടെ പ്രവർത്തനം</u>

*389 ശ്രീ. എ.എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും**
**ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ കോളേജ് അടക്കമുള്ള സർക്കാർ, സ്വകാര്യ ആശുപത്രികളിൽ മെഡിക്കൽ വേസ്റ്റുകളുടെ നിർമാർജനത്തിനായി ഇൻസിനറേറ്ററുകൾ കൃത്യമായി പ്രവർത്തിക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിന് എന്തൊക്കെ സംവിധാനമാണ് നിലവിലുള്ളത്;

(ബി) മുഴുവൻ ആശുപത്രികളിലും ഇൻസിനറേറ്ററുകൾ സ്ഥാപിക്കുന്നതിന് നിർദ്ദേശം നൽകുമോ?

## കേരള നിയമസഭ
## 03.02.2014–ലെ മറുപടിക്ക്

<u>ആരോഗ്യരംഗത്തെ വെല്ലുവിളികൾ നേരിടാനുള്ള പദ്ധതികൾ</u>

*390 ശ്രീ. തോമസ് ഉണ്ണിയാടൻ
,, മോൻസ് ജോസഫ്
,, റ്റി. യു. കുരുവിള
,, സി. എഫ്. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ആരോഗ്യരംഗം നേരിടുന്ന വെല്ലുവിളികൾ നേരിടുവാൻ സ്വീകരിച്ചുവരുന്ന നടപടി വ്യക്തമാക്കുമോ;

(ബി) കൊതുക്, എലി ഇവയുടെ ക്രമാതീതമായ പെരുപ്പം മൂലം ഡെങ്കിപ്പനി, എലിപ്പനി എന്നിവ വ്യാപിച്ച് നിരവധി മരണം സംഭവിക്കുന്ന സാഹചര്യത്തിൽ ഇവയുടെ നിർമ്മാർജ്ജനത്തിന് പ്രത്യേക പദ്ധതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. ഡി. ശാരംഗധരൻ,
തിരുവനന്തപുരം, സെക്രട്ടറി.
2014 ജനുവരി 25.

<u>പ്രത്യേക ശ്രദ്ധയ്ക്ക്</u>: നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിന്റെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി നിയമസഭാ സെക്രട്ടേറിയറ്റിൽ എത്തിച്ചിരിക്കേണ്ടതാണ്.

[ചട്ടം 47(1)].

‘T’ ഇന്നത്തേയ്ക്ക് മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.